കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## മുളക്കുഴ ഗ്രാമ പഞ്ചായത്ത്
## ഓഡിറ്റ് റിപ്പോർട്ട്

2015-16

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ ജില്ലാ ഓഡിറ്റ് കാര്യാലയം
e-mail : ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ/എ.എൽ.പി./പി.5-18/17

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാഓഡിറ്റ് കാര്യാലയം,ആലപ്പുഴ.
ഫോൺ -0477-2252753
e-mail : ddhglfalpy@gmail.com

തീയതി,30/1/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മുളക്കുഴ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :മുളക്കുഴ ഗ്രാമ പഞ്ചായത്ത് -2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*******************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1, 2-2 ഭാഗം 3ലെ 3-1, 3-4, 3-15യും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ് .എ.എ. എൽ.പി.5-18/2017 തീയ്യതി:30/1/2017

.

ആലപ്പുഴ ജില്ലയിലെ മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിനു വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.04.2016മുതൽ 31.12.2016 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവ പരിശോധിച്ചു. മാന്വൽ രസീതു ബുക്കുകളിൽ വെറ്ററിനറി സർജൻ ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനായി നിലവിൽ ഉപയോഗിയ്ക്കുന്ന ബുക്ക് നം 46457, 41272, 41273 എന്നിവ പരിശോധിച്ചിട്ടില്ല .

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സി.വൈ.സലിം, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.12.2016 മുതൽ 05.01.2017വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.വി.കെ രഞ്ജീവ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.മായാദേവി.സി.എസ്. | അസി.ഓഡിറ്റ്ഓഫീസർ |
| | ശ്രീമതി.സുഷ. റ്റി.പിള്ള | സീനിയർഗ്രേഡ്ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ഗോപാല കൃഷ്ണ കുറുപ്പ് | 1.04.2015മുതൽ 31.10.2015 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 1-11-2015 മുതൽ 15-1-2017 വരെ |
| | ശ്രീമതി .രശ്മി രവീന്ദ്രൻ | 16.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീമതി.ഓമന അമ്മാൾ,അസി.സെക്രട്ടറി (ഇൻ ചാർജ്) | 1.04.2015 മുതൽ 20.07.2015 വരെ |
| | ശ്രീ.ഹരിൻ ബോസ് | 21.07.0215 മുതൽ 31.03.2016 വരെ |

| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
|---|---|---|
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.എഞ്ചിനീയർ | ശ്രീമതി.ആനന്ദവല്ലി | 01.04.2015 മുതൽ 31.3.2016.വരെ |
| വെറ്ററിനറി സർജൻ | ഡോ.കെ.എസ്.രാജൻ | 01.04.2015മുതൽ 31.03.2016വരെ |
| മെഡിക്കൽഓഫീസർ (ആരോഗ്യം). | ഡോ.സുധീഷ് .എസ് | 01.04.2015മുതൽ31.03.2016വരെ |
| മെഡിയ്ക്കൽഓഫീസർ(ആയുർവ്വേദം). | ഡോ.ശ്രീജ .കെ.ജി | 01.04.2015മുതൽ 31.03.2016 വരെ |
| വി.ഇ.ഓ | ശ്രീ.ജോൺ | 01.04.2015മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി റീബാ തോമസ് | 01.04.2015 മുതൽ 31.03.2016 വരെ |
| എൽ.വി.ഇ.ഓ | ശ്രീമതി.ലാലി.എസ് | 01.04.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ശ്രീകല | 01.04.2015 മുതൽ 22.12.15 വരെ |
| | ശ്രീമതി.ശ്രീരേഖ .എം.പി | 23.12.2015 മുതൽ 31.03.2016വരെ |
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി ഓമന | 1.04.2015മുതൽ31.03.2016വരെ |
| അസി.സെക്രട്ടറി. | ശ്രീമതി.ഓമന അമ്മാൾ, | 1.04.2015മുതൽ31.03.2016വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.സുഭാഷ് | 1.04.2015 മുതൽ31.03.2016വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതുഅവലോകനം | 1-1 മുതൽ 1-11 വരെ |
| | ഭാഗം 2 | |
| 2 | അൺ - എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല. | 2-1 |
| 3 | കെട്ടിട നികുതി ഇനത്തിൽ ഭീമമായ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു | 2-2 |
| 4 | ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയതിലെ കുറവ് ഓഡിറ്റ് നിർദ്ദേശത്തെ | 2-3 |

| | | |
|---|---|---|
| | തുടർന്നു ഈടാക്കി | |
| 5 | പരസ്യ നികുതി പിരിച്ചെടുക്കുന്നതിൽ ഉദാസീനത | 2-4 |
| | ഭാഗം 3 | |
| 6 | നടപ്പാക്കാത്ത പദ്ധതിയ്ക്കായി വികസന ഫണ്ട് മുൻകൂറായി പിൻവലിച്ച് ചെലവഴിച്ചു | 3-1 |
| 7 | മീഡിയാശ്രീ - പദ്ധതി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-2 |
| 8 | കുടുംബശ്രീ ഗ്രൂപ്പുകൾക്ക് അനുവദിക്കപ്പെട്ട റിവോൾവിംഗ് ഫണ്ട് ബാങ്കുകളിൽ നിക്ഷേപമായി തുടരുന്നു | 3-3 |
| 9 | മരുന്നു വാങ്ങൽ പ്രോജക്ടുകൾ - മുന്നൊരുക്കമില്ലാതെ നടത്തി | 3-4 |
| 10 | കർഷകരുടെ അക്കൌണ്ടിൽ സബ്സിഡി തുക ക്രെഡിറ്റ് ചെയ്തിട്ടില്ല | 3-5 |
| 11 | അർഹതാ മാനദണ്ഡം തെളിയിക്കുന്ന രേഖകൾ ഗുണഭോക്താക്കളിൽ നിന്നും വാങ്ങി സൂക്ഷിച്ചിട്ടില്ല. | 3-6 |
| 12 | പൊതുശ്മശാനത്തിന് സ്ഥലം വാങ്ങൽ - പദ്ധതി രൂപീകരണത്തിൽ മാത്രം ഒതുങ്ങി | 3-7 |
| 13 | കരാർ കാലാവധി ലംഘിച്ച് പൂർത്തിയാക്കിയ മരാമത്ത് പദ്ധതികളിൽ പിഴ ഈടാക്കിയില്ല | 3-8 |
| 14 | ടാറിംഗ് വേലകളിൽ വീപ്പ വില ഈടാക്കിയില്ല | 3-9 |
| 15 | റോഡ് കോൺക്രീറ്റ് - ടെണ്ടർ കുറവ് കുറച്ചില്ല | 3-10 |
| 16 | ആശ്രയ പദ്ധതി - അവലോകനം | 3-11 |
| | ഭാഗം -4 | |
| 17 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 മുതൽ 4-10 വരെ |

## ഭാഗം 1

### പൊതു അവലോകനം

## 1-1. ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 30.03.2015 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 106524989 | 103541746 |

എന്നാൽ വാർഷിക കണക്ക പ്രകാരം യഥാർത്ഥ വരവും ചെലവും യഥാക്രമം 38631183/- രൂപയും 50921898 രൂപയുമാണ്. ബജറ്റ് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.16 | 14.6.16 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്

1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27365491 |
| വരവ് | 38631183 |
| ആകെ | 65996674 |
| ചെലവ് | 50921898 |
| നീക്കിയിരിപ്പ് | 15074776 |

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | റ്റി.സി.ചെയ്ത് ലഭിച്ച തുക | അലോട്ട്മെന്റ് | അലോട്ട്മെന്റിൽ നിന്നും പിൻവലിച്ചത് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് നല്കിയത് | സർക്കാരിലേയ്ക്ക് തിരിച്ചടച്ചത് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6(2+3+5) | 7 | 8 | 9 | 10 |
| വികസനഫണ്ട് (പൊതുവിഭാഗം) | 1049501 | 5087571 | 9312432 | 2845396 | 8982468 | 8982468 | 0 | 0 | 0 |
| വികസനഫണ്ട് (എസ്.സി.പി.) | 3856525 | 0 | 13271145 | 7192573 | 11049098 | 7811953 | 3237145 | 0 | 0 |
| ലോകബാങ്ക് | 3064000 | 0 | 306654 | 306654 | 3370654 | 3064000 | 306654 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2210758 | 0 | 5377614 | 5331031 | 7541789 | 5998017 | 1543772 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 1692080 | 0 | 6116513 | 6116513 | 7808593 | 7808593 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് - നോൺ റോഡ് | 1211181 | | 732148 | 732148 | 1943329 | 1943329 | 0 | | |

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 220 | 67988381 | 145 | 41558388 | 13 | 62 | 66% |

1-7 തനത് വരുമാനം

സ്ഥാപനത്തിന്റെ തനതു വരുമാനത്തിൽ മുൻ വർഷത്തേക്കാൾ താഴെ പറയും പ്രകാരം 16.98 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5398162 | 4364640 | (-) 1033522 | (-)19 |
| നികുതിയേതര വരവുകൾ | 232197 | 481781 | (+) 249584 | +107.5 |
| മറ്റ് വരവുകൾ | 615571 | 351737 | (-) 263834 | (-)43 |
| ആകെ | 6245930 | 5198158 | (-)1047772 | (-)16.8 |

1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 123600 | 149 |
| കർഷകതൊഴിലാളി പെൻഷൻ | 5874870 | 710 |
| വിധവാപെൻഷൻ | 7260760 | 925 |
| വാർദ്ധക്യകാലപെൻഷൻ | 10641870 | 2071 |
| വികലാംഗപെൻഷൻ | 2614135 | 385 |
| അവിവാഹിതപെൻഷൻ | 483160 | 51 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90000 | 3 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.12.16 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 116930 /-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

1.വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കിയ പ്രോജക്ടുകൾ പലതും അവയുടെ ലക്ഷ്യ പ്രാപതി കൈവരിച്ചിട്ടില്ല. വേണ്ടത്ര ആലോചന കൂടാതെ തയ്യാറാക്കിയതിനാലാണ് ഇങ്ങനെ സംഭവിച്ചത്.

2. ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ മുൻ വർഷത്തെക്കാൾ 16.99% ശതമാനം കുറവ് സംഭവിച്ചിട്ടുണ്ട്. പിരിച്ചെടുക്കാൻ അവശേഷിക്കുന്ന നികുതി നികുതിയേതര വരവുകൾ കൃത്യമായി പിരിച്ചെടുക്കേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം./ ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.10.2016 | 1.9.2016മുതൽ 30.9.2016വരെ | 2.12.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.01.2016 | 2009-10 മുതൽ 2014-15 വരെ | എൽ.ബി.എ.(എച്ച്.ക്യു) V/8A/2373/15-16 /101/26.02.2016 |

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം- 203 വകുപ്പ് പ്രകാരം ഏതൊരു ഗ്രാമ പഞ്ചായത്തും ,അതത് ഗ്രാമ പഞ്ചായത്ത് പ്രദേശത്തുള്ളതും ഈ ആക്ടിലെ വ്യവസ്ഥകൾപ്രകാരം ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഓരോ കെട്ടിടത്തിനും (അതിനോടു ചേർന്നു കിടക്കുന്ന സ്ഥലത്തിനുമുൾപ്പടെ) ആക്ടിലെ വ്യവസ്ഥകൾക്കും നിർണ്ണയിക്കപ്പെട്ടേക്കാവുന്ന ചട്ടങ്ങൾക്കും അനുസൃതമായി വസ്തു നികുതി ചുമത്തേണ്ടതാണ്. ഈ വ്യസ്ഥകൾക്ക് വിധേയമായി പുറപ്പെടുവിച്ച തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കുലർ നം.49590/ആർ.സി.2/12.04.2011 പ്രകാരം അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് 14.01.2011 മുതൽ വസ്തു നികുതി ചട്ടങ്ങൾ ബാധകമാക്കിയിട്ടുണ്ട് (13.01.2011 വരെ നികുതിയിൽ ഇളവ് അനുവദിച്ചിട്ടുണ്ട് ) . സർക്കാരിൽ നിന്നും ആനുകൂല്യങ്ങൾ ലഭിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു മാത്രമേ വസ്തു നികുതി ഇളവു നല്കിയിട്ടുള്ളൂ.

മുളക്കുഴ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ വർഷങ്ങളായി പ്രവർത്തിക്കുന്ന ചുവടെ ചേർക്കുന്ന അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല.

1. മൗണ്ട് സിയോൺ എഞ്ചിനീയറിംഗ് കോളജ്( സെഞ്ചുറി ഹോസ്പിറ്റലിനു സമീപമുള്ള ഹോസ്റ്റൽ കെട്ടിടം ഉൾപ്പടെ)

2. സെന്റ് ജോർജ് പബ്ളിക്ക് സ്കൂൾ

3. സെന്റ് മേരീസ് പബ്ളിക്ക് സ്കൂൾ

4. ശ്രീ നാരായണാ വിദ്യാ പീഠം

5. സെന്റ് ഗ്രിഗോറിയോസ് സീനിയർ സെക്കന്ററി സ്കൂൾ

വസ്തു നികുതി ഈടാക്കുവാനുള്ള നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (11 / 30.12.16 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-2 കെട്ടിട നികുതിയിനത്തിൽ ഭീമമായ തുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു

2015-16 വാർഷിക ധനകാര്യ പത്രിക പ്രകാരം തൻ വർഷത്തേതായി 2,082,829 /- രൂപയും മുൻ വർഷ കുടിശ്ശികയായി 2,059,380 /- രൂപയും പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 35 (ബി) നോട്ട് 2 പ്രകാരം മൂന്നു വർഷത്തിനുമേൽ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കാത്ത തുകകൾ കാലഹരണപ്പെട്ടു പോകുന്നതാണ്. ഗ്രാമ പഞ്ചായത്തിന് കെട്ടിട നികുതിയിനത്തിൽ ലഭിക്കുവാനുള്ള തുകകൾ പിരിച്ചെടുക്കുവാൻ സമയബന്ധിതമായി നടപടികൾ സ്വീകരിക്കാത്ത പക്ഷം ഇത് നഷ്ടപ്പെടുവാൻ ഇടവരും .

കുടിശ്ശിക പിരിച്ചെടുക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുവാൻ ഓഡിറ്റ് അന്വേഷണം (21 /04.01.2017 ) മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല. കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കേണ്ടതാണ്.

## 2-3 ഡി &ഒ ലൈസൻസ് ഫീ ഈടാക്കിയതിലെ കുറവ് ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഈടാക്കി

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങൾ-ചട്ടം 7 പ്രകാരം ഒരു ദിവസത്തെ വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ പട്ടിക II ൽ നിശ്ചയിച്ചിട്ടുള്ള നിരക്കിലാണ് ലൈസൻസ് ഫീ ഈടാക്കേണ്ടത്. എന്നാൽ പരിശോധിച്ച ഭൂരിപക്ഷം അപേക്ഷകളിലും പ്രതിദിന വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. മുൻ വർഷങ്ങളിൽ ഈടാക്കിയിരുന്ന ലൈസൻസ് ഫീ തന്നെ തുടർന്നും ഈടാക്കുകയാണ് ചെയ്തിട്ടുള്ളത്. ദിവസേന വൻ വിറ്റു വരവ് ലഭിയ്ക്കുന്ന സ്ഥാപനങ്ങൾ പോലും അത് രേഖപ്പെടുത്താതെയിരിയ്ക്കുകയോ തുക കുറച്ചു കാണിയ്ക്കുകയോ ചെയ്തിട്ടുണ്ട്.

2015-16 ൽ ഡി & ഒ ലൈസൻസിന് അപേക്ഷ നല്കിയ ചുവടെ ചേർക്കുന്ന വ്യാപാരികൾ അവരുടെ പ്രതിദിന വിറ്റു വരവ് അപേക്ഷയിൽ പ്രസ്താവിച്ചിട്ടുണ്ടെങ്കിലും അതിനനുസൃതമായി ഫീ ഈടാക്കിയിരുന്നില്ല.

| ക്രമ നം | വ്യപാരിയുടെ പേര് /വ്യാപാരം | പ്രസ്താവ്യ വരുമാനം | ഈടാക്കാവുന്ന ഫീ | ഈടാക്കിയ ഫീ | വ്യത്യാസം |
|---|---|---|---|---|---|
| 1 | ശ്രീ.മനോജ് കുമാർ/ അനുപമ ഫ്യൂവൽസ് | 1,00,000 രൂപ | 2000 | 1000 | 1000 |
| 2 | ശ്രീ.വിമൽ. ആർ / വിനായക ഡിസ്ട്രിബ്യൂട്ടേഴ്സ് | 15,000 രൂപ | 300 | 100 | 200 |

പഞ്ചായത്ത് ഫണ്ടിന് നഷ്ടമായ തുക വ്യാപാരികളിൽ നിന്നും ഈടാക്കി അറിയിക്കുവാൻ ഓഡിറ്റ് അന്വേഷണം (20/ 04.01.2017) നല്കിയതിനെ തുടർന്ന് ക്രമ നം.1 ലെ നഷ്ടം രസീത് നം.11604103245/05.01.17 പ്രകാരവും ക്രമ നം.2 ലെ നഷ്ടം രസീത് നം.11604103240/05.01.17 പ്രകാരവും അടവാക്കിയിട്ടുണ്ട്.

## 2-4 പരസ്യ നികുതി പിരിച്ചെടുക്കുന്നതിൽ ഉദാസീനത

പരസ്യ നികുതി ഇനത്തിലുള്ള വരുമാനം ലഭികുന്നതിന് വൻ സാദ്ധ്യതയുള്ള നഗര സ്വഭാവമുള്ള പ്രദേശമാണ് മുളക്കുഴ ഗ്രാമ പഞ്ചായത്ത്. സംസ്ഥാന ഹൈവേയായ എം സി റോഡിന്റെ ഇരുവശങ്ങളിലുമായി ഗ്രാമ പഞ്ചായത്തിന്റെ ഏറിയ ഭാഗവും കിടക്കുന്നു. മാത്രമല്ല, കേരളത്തിൽ ഒട്ടാകെയുള്ള ഗ്രാമ പഞ്ചായത്തുകളിൽ ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ള അപൂർവ്വം പഞ്ചായത്തുകളിൽ ഒന്നാണ് മുളക്കുഴ ഗ്രാമ പഞ്ചായത്ത്. ഈ സാഹചര്യങ്ങൾ നിലവിലുണ്ടെങ്കിലും പരസ്യ നികുതി പിരിച്ചെടുക്കുന്നതിൽ കടുത്ത ഉദാസീനതയാണ് ഗ്രാമ പഞ്ചായത്ത് തുടർന്ന് വരുന്നത്.

ലേലം മുഖേനയാണ് ഗ്രാമപഞ്ചായത്ത് പരസ്യ നികുതി പിരിച്ച് വരുന്നത്. ഹാജരാക്കിയ കണക്കുകൾ പ്രകാരം 2013-14ൽ 1500 രൂപ മാത്രമാണ് പിരിച്ചെടുത്തിട്ടുള്ളത്. 2014-15 സാമ്പത്തിക വർഷത്തിൽ 4100 രൂപ മാത്രമാണ് വരവുണ്ടായിട്ടുള്ളത്. കൂടാതെ 2015-16 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം പരസ്യനികുതി ഇനത്തിൽ വരവില്ല. പരസ്യ നികുതി വരുമാനത്തിൽ ആനുപാതികമായ വർദ്ധനവ് ഉണ്ടാകുന്നില്ല എന്ന് വ്യക്തമാണ്.

പരസ്യ നികുതി പിരിച്ചെടുക്കുന്നതിനുള്ള വിവിധ സാദ്ധ്യതകൾ ഗ്രാമ പഞ്ചായത്ത് വേണ്ടത്ര ഉപയോഗിക്കാത്തത് മൂലമാണ് ഈ വരുമാനച്ചോർച്ച ഉണ്ടാകുന്നത്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 209 ലെ നിർദ്ദേശങ്ങൾ അവലംബിച്ച് പരസ്യ നികുതി പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 നടപ്പാകാത്ത പദ്ധതിയ്ക്കായി വികസന ഫണ്ട് മുൻകൂറായി പിൻവലിച്ച് ചെലവഴിച്ചു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് ചെയ്യുന്നതിനുള്ള വേതന ചെലവ് (പ്രോജ.നം 212/15-16) എന്ന പദ്ധതിയ്ക്കായി ബിൽ നം.5/15-16/21.07.2015 പ്രകാരം 139512/-രൂപ പിൻവലിച്ചു. ഇതിൽ നിന്നും 131110/-രൂപ കരാറുകാരനായ ശ്രീ.ഓമനക്കുട്ടൻ പിള്ളയ്ക്ക് ബാങ്കേഴ്സ് ചെക്ക് നം.755293/22.07.2015 നൽകുന്നതിന് എടുത്ത് വയ്ക്കുകയും ഡി.ഡി.നം.755294/22.07.2015പ്രകാരം 1395/-രൂപ KCWWF, SQ 21/17.7.15 പ്രകാരം 5580/-രൂപ VAT, 21.07.15 ലെ ട്രഷറി ചെലാൻ പ്രകാരം 1437/- രൂപ IT എന്നിവ അടയ്ക്കുകയും ചെയ്തു.

ഫയൽ വിശദമായി പരിശോധിച്ചതിൽ കരാറുകാരനായ ശ്രീ.ഓമനക്കുട്ടൻ പിള്ള, കരാർ വ്യവസ്ഥകളിൽ വീഴ്ച വരുത്തിയിട്ടുള്ളതിനാൽ കരാർ റദ്ദ് ചെയ്യുമെന്ന് ചൂണ്ടി കാണിച്ച് 15.07.15 ൽ കത്ത് നല്കിയിട്ടുണ്ടെങ്കിലും ഇതേ കരാറുകാരനു നല്കുവാനായി ട്രഷറിയിൽ നിന്നും 16.7.15 ൽ റിക്വസിഷൻ നല്കി 21.07.2015 പ്രകാരം 139512/ - രൂപ പിൻവലിച്ചിട്ടുള്ളതായി കണ്ടു. 27.7.15 ൽ ബാങ്കേഴ്സ് ചെക്ക് കൈപ്പറ്റുവാൻ കരാറുകാരന് കത്ത് നല്കിയിരുന്നുവെങ്കിലും ഗ്രാമ പഞ്ചായത്തിൽ തെരുവു വിളക്ക് അറ്റകുറ്റ പണികൾക്കായി താൻ കരാർ ഏറ്റെടുക്കുകയോ പ്രവൃത്തി ചെയ്യുകയോ ചെയ്തിട്ടില്ലാത്തിനാൽ തന്റെ പേരിൽ തയ്യാറാക്കിയിട്ടുള്ള 131110/- രൂപയുടെ ചെക്ക് കൈപ്പറ്റുകയില്ലെന്നും അറിയിച്ചിരിയ്ക്കുന്നു. ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ലാത്ത പദ്ധതിയ്ക്കായി ആണ് വികസന ഫണ്ട് പിൻ വലിച്ചിരിയ്ക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

നടപ്പാക്കിയിട്ടില്ലാത്ത പദ്ധതിയ്ക്കായി തുക പിൻവലിയ്ക്കുകയും സർക്കാരിലേക്കുള്ള വിവിധ അടവുകളുടെ ഇനത്തിൽ 8412/-രൂപ പഞ്ചായത്തിന് നഷ്ടം ഉണ്ടാക്കുകയും ചെയ്ത സെക്രട്ടറി, 2.6.15 ലെ ഓതറൈസേഷൻ നം.4 പ്രകാരം ചെലവനുവാദം നൽകിയ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എന്നിവർക്കെതിരെ ചെലവു നഷ്ടത്തിന്റെ ബാധ്യത നിജപ്പെടുത്താതിരിയ്ക്കുവാൻ കാരണമുണ്ടെങ്കിൽ അറിയിക്കുവാൻ ഓഡിറ്റ് അന്വേഷണം (നം.08/28.12.16) നല്കിയതിനുള്ള മറുപടിയിൽ കരാറുകാരനിൽ നിന്നും സെക്യൂരിറ്റി ഡിപ്പോസിറ്റായി സ്വീകരിച്ചിട്ടുള്ള 50,000/-രൂപ തിരികെ നൽകാതെ പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്നതിനാൽ ധനനഷ്ടം പരിഹരിക്കാനാകുമെന്ന് അറിയിച്ചു. മേൽ വിഷയം വിജിലൻസിന്റെ അന്വേഷണ പരിധിയിലാണെന്നും പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്. വികസന ഫണ്ടിൽ നിന്നും അടവായ 8,412/-രൂപ പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ ബാധ്യതയായി നിർണ്ണയിക്കുന്നു.

കരാറുകാരന് നൽകാനായി പിൻവലിച്ച 131110/- രൂപ 05.08.15 ലെ എസ്.ക്യു.277 നമ്പർ ചെലാൻ പ്രകാരം ചെങ്ങന്നൂർ സബ് ട്രഷറിയിൽ തിരികെയടച്ചു. നിക്ഷിപ്ത താത്പര്യത്തോടെ വികസന ഫണ്ട് പിൻവലിച്ചതിന് സെക്രട്ടറിയ്ക്കും പ്രസിഡന്റിനുമെതിരെ നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

## 3- 2 മീഡിയാ ശ്രീ - തുക വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ - വി.ഇ.ഓ

മീഡിയാ ശ്രീ പദ്ധതി (S0220/16) നടപ്പാക്കുന്നതിനായി 65000/- രൂപ (ബിൽ നം. 1/26.9.15) (മുളക്കുഴ സർക്കിൾ) മുഖേന വികസന ഫണ്ടിൽ നിന്ന് പിൻവലിച്ച് ജില്ലാ കുടുംബശ്രീ മിഷന് ഡിഡി നം.070659/19.1.16 പ്രകാരം കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിൽ ഡോക്യുമെന്റേഷൻ നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മാത്രമല്ല, ഇത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ 65000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 കുടുംബശ്രീ ഗ്രൂപ്പുകൾക്ക് അനുവദിക്കപ്പെട്ട റിവോൾവിംഗ് ഫണ്ട് ബാങ്കുകളിൽ നിക്ഷേപമായി തുടരുന്നു

കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് (S0042/16) പ്രോജക്ട് പ്രകാരം 13 കുടംബശ്രീ യൂണിറ്റുകൾക്കായി 130000/- രൂപ (ഒരു ഗ്രൂപ്പിന് 10000/-രൂപ വീതം) (ചെക്ക് നം.4483209/30.3.16) തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. ഓരോ യൂണിറ്റിനും അർഹമായ റിവോൾവിംഗ് ഫണ്ട് ബാങ്കുകൾ വഴി വിതരണം ചെയ്യുന്നതിന് വിവിധ ബാങ്കുകളിൽ തുക നിക്ഷേപിച്ചിരുന്നു. 6 കുടുംബശ്രീ യൂണിറ്റുകൾക്കുള്ള റിവോൾവിംഗ് ഫണ്ട് ഇൻഡ്യൻ ഓവർസീസ് ബാങ്ക് ചെങ്ങന്നൂർ ബ്രാഞ്ചിലും 2 കുടുംബശ്രീ യൂണിറ്റുകൾക്കുള്ള റിവോൾവിംഗ് ഫണ്ട് എസ്.ബി.റ്റി കൊഴുവല്ലൂർ ബ്രാഞ്ചിലും 4യൂണിറ്റുകൾക്കുള്ള റിവോൾവിംഗ് ഫണ്ട് കാനറാ ബാങ്കിന്റെ മുളക്കുഴ ബ്രാഞ്ചിലും ഒരു യൂണിറ്റിനുള്ള ആനുകൂല്യം അരീക്കര സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിലും നിക്ഷേപിച്ചിട്ടുണ്ട്. ബാങ്കുകൾ അതാത് യൂണിറ്റുകൾക്ക് ലോണും റിവോൾവിംഗ് ഫണ്ടും അനുവദിച്ചതായുള്ള കത്ത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ യൂണിറ്റുകളുടെ ബാങ്ക് പാസ് ബുക്കുകൾ പരിശോധിച്ചതിൽ ഇവയിൽ ഒന്നിനും തന്നെ റിവോൾവിംഗ് ഫണ്ട് ലഭിച്ചിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടു. റിവോൾവിംഗ് ഫണ്ട് ബാങ്കുകളിൽ നിക്ഷേപമായി കിടക്കുകയാണ്. കുടുംബശ്രീ യൂണിറ്റുകളുടെ അക്കൗണ്ടിലേക്ക് മാറ്റിയിട്ടില്ല.

പ്രവർത്തനം ആരംഭിച്ച് ഒരു വർഷം കഴിഞ്ഞ യൂണിറ്റുകളെ ഗ്രേഡിംഗ് നടത്തിയാണ് ആനുകൂല്യത്തിന് അർഹരാണെന്ന്

കണ്ടെത്തുന്നത്. എന്നാൽ ഗ്രൂപ്പുകൾ സൂക്ഷ്മ തൊഴിൽ സംരംഭങ്ങളിൽ കൃത്യമായി ഏർപ്പെടാതിരുന്നതിനാലാണ് ബാങ്കുകൾ റിവോൾവിംഗ് ഫണ്ട് യഥാ സമയം നൽകുന്നതിൽ വീഴ്ച വരുത്തിയതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. യൂണിറ്റുകളുടെ പ്രവർത്തനം സജീവമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും അർഹമായ യൂണിറ്റുകൾക്ക് മാത്രം റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. യൂണിറ്റുകൾ കൃത്യമായി പ്രവർത്തിക്കാത്ത പക്ഷം റിവോൾവിംഗ് ഫണ്ട് ഇനത്തിൽ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ള തുക പലിശ സഹിതം തിരികെ ഈടാക്കി തനത് ഫണ്ടിൽ അടയ്ക്കേണ്ടതാണ്. യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ ഇതിനായി ചെലവഴിച്ച 130000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-4 മരുന്ന് വാങ്ങൽ പ്രോജക്ടുകൾ - മുന്നൊരുക്കമില്ലാതെ നടത്തി

ആയുർവേദ മെഡിക്കൽ ഓഫീസർ വിവിധ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി ആയുർവേദ മരുന്ന് വാങ്ങിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

കൗമാരക്കാരായ പെൺകുട്ടികൾക്ക് ആരോഗ്യ രക്ഷാ മരുന്നുകൾ വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ടിൽ ഉൾപ്പെടുത്തി (പ്രോജക്ട് നം.S0007/16). 200000/-( ബിൽ നം. 9/18.1.16) രൂപയുടെ മരുന്നുകൾ ഔഷധിയിൽ നിന്ന് വാങ്ങിയിട്ടുണ്ട്. 9 നം 19 നം ഇടയിൽ പ്രായമുള്ള ഗ്രാമ പഞ്ചായത്തിലെ പെൺകുട്ടികളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. ഇതോടൊപ്പം പ്രസവാനന്തര ശുശ്രൂഷയിൽ ഉൾപ്പെടുത്തി പ്രസവശേഷം സ്ത്രീകൾക്ക് നൽകുന്നതിനുള്ള മരുന്നുകൾ വാങ്ങിയതിന് 200000/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

ഈ രണ്ട് പ്രോജക്ടുകൾക്കും ഗ്രാമസഭ മുഖേനയല്ല ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുള്ളത്. ഗുണഭോക്താക്കളുടെ എണ്ണം സംബന്ധിച്ച് ഏകദേശ കണക്കുകൾ പോലുമില്ലാതെ മരുന്നുകൾ വാങ്ങിയതിനാൽ ഓഡിറ്റ് വേളയിലും മരുന്ന് വിതരണം തുടരുന്നു. മരുന്നുകൾ അർഹരായ എല്ലാ കുട്ടികളും വാങ്ങുന്നതിൽ വിമുഖത കാണിച്ചിരുന്നുവെന്നും അതിനാലാണ് മരുന്നുകൾ വിതരണം ചെയ്യാൻ കഴിയാതെ പോയത് എന്നും ഇതിന് കാരണമായി മെഡിക്കൽ ഓഫീസർ വിശദീകരിച്ചിരുന്നു. വേണ്ടത്ര ആലോചനയില്ലാതെ പദ്ധതികളുടെ എണ്ണവും ചെലവും കൂട്ടുന്നതിനു വേണ്ടി മാത്രമാണ് ഇത്തരം പ്രോജക്ടുകൾ നടപ്പാക്കുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു. ഇത്തരത്തിലുള്ള പ്രോജക്ടുകൾ ഒഴിവാക്കുന്നതാണ് ഉചിതം. പ്രസവാനന്തര ശുശ്രൂഷ നടത്തുന്നതിന്റെ ഭാഗമായുള്ള മരുന്നുകൾ അർഹരായ ഗുണഭോക്താക്കൾക്ക് നൽകി മരുന്ന് വിതരണം പൂർത്തീകരിക്കേണ്ടതാണ്.

ഈ പ്രോജക്ടുകൾക്ക് പുറമെ ആയുർവേദ ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ പ്രോജക്ടിൽ ഉൾപ്പെടുത്തി 762873/- രൂപയുടെ മരുന്നുകൾ ഔഷധിയിൽ നിന്ന് വാങ്ങിയിട്ടുണ്ട്. മരുന്നുകളുടെ വിതരണം സംബന്ധിച്ച സബ് സ്റ്റോക്ക് പരിശോധിച്ചതിൽ ഒ.പി നടക്കുന്ന അതേ തീയതിയിൽ മരുന്ന് വിതരണം നടക്കുന്നില്ല എന്ന് കണ്ടു. സ്റ്റോക്ക് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നതിനും മരുന്നുകൾ യഥാസമയം വിതരണം ചെയ്യുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-5 കർഷകരുടെ അക്കൗണ്ടിൽ സബ്സിഡി തുക ക്രെഡിറ്റ് ചെയ്തിട്ടില്ല

കൃഷി ഓഫീസർ മുൻവർഷങ്ങളിൽ നടപ്പാക്കിയ വിവിധ പ്രോജക്ടുകൾ പ്രകാരമുള്ള സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നതിനായി കൃഷി ഓഫീസറുടെ തന്നെ പേരിലുള്ള ഫെഡറൽ ബാങ്ക് അക്കൌണ്ടിൽ (നം. 1167020001151) നിക്ഷേപിച്ചിരുന്നു. ഇപ്രകാരം നിക്ഷേപിച്ചിരുന്ന തുകയിൽ 35366/-രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടാതെ അവശേഷിക്കുന്നുണ്ട്.

ഈ തുക ഏത് പ്രോജക്ട് പ്രകാരം നിക്ഷേപിച്ചിരുന്നത് എന്നത് സംബന്ധിച്ച വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല. നാളിതുവരെ ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടാതെ അവശേഷിക്കുന്ന ഈ തുക അർഹരായ ഗുണഭോക്താക്കൾക്ക് നൽകുകയോ, കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ അടയ്ക്കുകയോ ചെയ്യേണ്ടതാണ്.

## 3-6 അർഹതാ മാനദണ്ഡം തെളിയിക്കുന്ന രേഖകൾ ഗുണഭോക്താക്കളിൽ നിന്നും വാങ്ങി സൂക്ഷിച്ചിട്ടില്ല

അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായ ചുവടെ ചേർക്കുന്ന പദ്ധതികളിൽ ഗുണഭോക്താക്കളുടെ അർഹതാ മാനദണ്ഡം തെളിയിക്കുന്ന രേഖകൾ അവരിൽ നിന്നും വാങ്ങി സൂക്ഷിച്ചിട്ടില്ല

1.പ്രോജക്ട് നം.26/16 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് എന്ട്രൻസ് കോച്ചിംഗും ഉപരി പഠന ധനസഹായവും

ഗ്രാമ പഞ്ചായത്ത് മുഖേന വിദ്യാഭ്യാസ ധനസഹായത്തിന് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ അവർക്ക് ഇതേ ധന സഹായം പട്ടിക ജാതി വകുപ്പിൽ നിന്നും ലഭിച്ചിട്ടില്ല എന്ന രേഖ ഹാജരാക്കേണ്ടതാണ്. എന്നാൽ പട്ടികയിൽ പേര് ചേർത്തിട്ടുള്ള വിദ്യാർത്ഥികൾ രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ.നം. | വിദ്യാർത്ഥിയുടെ പേര് | പഠന മേഖല | ലഭിച്ച തുക |
|---|---|---|---|
| 1 | മീന ഷാജി | നഴ്സിംഗ് | 25,000 |
| 2 | ഹർഷ.കെ.ആർ | നഴ്സിംഗ് | 50,000 |
| 3 | സാഗി കൃഷ്ണ | നഴ്സിംഗ് | 50,000 |
| 4 | മാളൂട്ടി പ്രസന്നൻ | നഴ്സിംഗ് | 25,000 |
| 5 | ആതിരാ രാമകൃഷ്ണൻ | നഴ്സിംഗ് | 25,000 |
| 6 | അർജ്ജുൻ.എസ്.ആനന്ദ് | എഞ്ചിനീയറിംഗ് | 25,000 |
| 7 | അനുഷാ.പി | നഴ്സിംഗ് | 25,000 |
| 8 | അനീഷ് കുമാർ | ഡിപ്ളോമാ എഞ്ചിനീയറിംഗ് | 25,000 |
| 9 | ശരണ്യ | എം.എസ്.സി കമ്പ്യൂട്ടർ | 25,000 |
| 10 | രാഖി രാജൻ | നഴ്സിംഗ് | 25,000 |
| 11 | അശ്വതി .കെ. സുകുമാരൻ | ബി.എഡ് | 25,000 |

2. പ്രോജ.നം.43/15-16വീട് പുനരുദ്ധാരണം എസ്.സി.പി

ജി.ഒ.(എം.എസ്) നം.362/2013/16.11.2013 സബ്സിഡി മാർഗ്ഗ രേഖ പ്രകാരം വീട് അറ്റ കുറ്റപ്പണിയ്ക്കുള്ള ആനുകൂല്യത്തിന് അപേക്ഷിയ്ക്കുന്ന ഗുണഭോക്താക്കൾ തന്നെ അറ്റകുറ്റപ്പണികളുടെ അനിവാര്യത കാണിയ്ക്കുന്ന എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും, എൽ.എസ്.ജി.ഡി എഞ്ചിനീയർ പണിയുടെ വാലേ്വഷൻ തയ്യാറാക്കേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ ഭവന പുനരുദ്ധാരണ പദ്ധതിയുടെ പരിശോധനാ വിധേയമാക്കിയ ഫയലുകളിൽ ഒന്നും തന്നെ ഗുണഭോക്താക്കൾ തയ്യാറാക്കിയ എസ്റ്റിമേറ്റോ, വിശദമായ വാലേ്വഷനോ ഇല്ല. എല്ലാ ഗുണഭോക്താക്കൾക്കും ഒരേ രീതിയിലുള്ള വാലേ്വഷനാണ് എൽ.എസ്.ജി.ഡി ഓവർസീയർ തയ്യാറാക്കി നല്കിയിരിയ്ക്കുന്നത്. ഇക്കാരണത്താൽ പ്രവൃത്തിയുടെ വ്യക്തമായ പരിശോധനയ്ക്കു ശേഷമാണോ വാലേ്വഷൻ നല്കിയിട്ടുള്ളതെന്ന് വിലയിരുത്തുവാൻ സാധിച്ചിട്ടില്ല .

മേൽ അപാകങ്ങൾ ചൂണ്ടിക്കാട്ടി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (15/31.12.16) പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം പട്ടികജാതി വകുപ്പിൽ നിന്നും ലഭിച്ചിട്ടില്ല എന്ന് നേരിട്ടും എസ്.സി കോ-ഓർഡിനേറ്റർ മുഖേനയും അന്വേഷണം നടത്തിയതിനു ശേഷമാണ് പഞ്ചായത്തിൽ പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്നും, വീട് പുനരുദ്ധാരണ പദ്ധതികളിൽ ഗുണഭോക്താക്കളിൽ നിന്നും എസ്റ്റിമേറ്റ് സ്വീകരിച്ചു മാത്രം തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നുമറിയിച്ചിട്ടുണ്ട്. സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പ്രോജക്ട് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 പൊതു ശ്മശാനത്തിന് സ്ഥലം വാങ്ങൽ -പദ്ധതി രൂപീകരണത്തിൽ മാത്രം ഒതുങ്ങി

1998-ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ )ചട്ടങ്ങൾ, ചട്ടം 3 (1) പ്രകാരം ശവം മറവു ചെയ്യാനും ദഹിപ്പിക്കുവാനും വേണ്ടത്ര സൗകര്യം നിലവിലില്ലെങ്കിൽ ഏതൊരു പഞ്ചായത്തിനും, ജില്ലാ കളക്ടറുടെ മുൻകൂർ അനുവാദത്തോടുകൂടി, ശവം മറവു ചെയ്യുകയോ ദഹിപ്പിക്കുകയോ ചെയ്യുന്നതിനുള്ള സ്ഥലങ്ങളോ ശ്മശാനങ്ങളോ ആയി ഉപയോഗിക്കുന്നതിനുള്ള ഭൂമി പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവു ചെയ്ത് ഏർപ്പെടുത്താവുന്നതും, അവ ഉപയോഗിയ്ക്കുന്നതിന് പഞ്ചായത്ത് നിശ്ചയിക്കും പ്രകാരം വാടകയും ഫീസും ചുമത്താവുന്നതുമാണ്.

ചട്ടങ്ങൾ വ്യവസ്ഥ ചെയ്യും പ്രകാരം ഗ്രാമ പഞ്ചായത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പൊതു ശ്മശാനത്തിന് സ്ഥലം വാങ്ങൽ എന്ന പദ്ധതി (പ്രോജ.നം. 10/15-16 അടങ്കൽ 4,00,000/- രൂപ ) രൂപീകരിച്ചിരുന്നു. എന്നാൽ മറ്റു പദ്ധതികൾക്ക് ഡി.പി.സി. അംഗീകാരം ലഭിയ്ക്കുവാൻ ഉൾപ്പെടുത്തുന്ന ഒരു നിർബന്ധിത പ്രോജക്ട് മാത്രമായി പദ്ധതി ഒതുങ്ങിപ്പോകുന്നു. ചെങ്ങന്നൂർ നഗരസഭയോടു തൊട്ടടുത്ത് സ്ഥിതി ചെയ്യുന്നതും ഏറെക്കുറെ നഗര സ്വഭാവം കൈവരിച്ചിട്ടുള്ളതുമായ മുളക്കുഴ ഗ്രാമ പഞ്ചായത്തിൽ പൊതു ശ്മശാനം എന്നത് പഞ്ചായത്ത് നിവാസികൾക്കും, പഞ്ചായത്തിൽ നിന്നുള്ള ഭൂമി വാങ്ങൽ പദ്ധതി പ്രകാരം ഭൂമി ലഭിച്ച് വളരെ ചെറിയ വിസ്തൃതിയിൽ താമസിക്കുന്നവർക്കും ഏറ്റവും ഉപകാര പ്രദമാകുന്ന പദ്ധതിയാണ്.

പൊതു ശ്മശാനത്തിന് സ്ഥലം വാങ്ങൽ എന്ന പദ്ധതി നടപ്പാക്കുവാൻ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 3-8 കരാർ കാലാവധി ലംഘിച്ച് പൂർത്തിയാക്കിയ മരാമത്ത് പദ്ധതികളിൽ പിഴ ഈടാക്കിയില്ല

കരാർ കാലാവധി ലംഘിച്ച് പൂർത്തിയാക്കിയ മരാമത്ത് പദ്ധതികളിൽ 2012ലെ പി.ഡബ്ള്യു.ഡി മാന്വലിലെ നിർദേശപ്രകാരം പിഴ ഈടാക്കിയില്ല. മാന്വലിലെ 2116.1(Compensation for delay/Liquidated Damages)അനുസരിച്ച് പൂർത്തീകരിക്കാൻ വൈകിയ ഓരോ ആഴ്ചക്കും പിഎസിയുടെ 0.1% പിഴ കരാറുകാരിൽ നിന്ന് ഈടാക്കണം.

താഴെ വിവരിക്കുന്ന പദ്ധതികളിലാണ് കാലാവധി ലംഘനത്തിന് പിഴ ഈടാക്കാഞ്ഞത്.

1.പ്രോജക്ട് 204/16-വല്യവീട്ടിൽ പടി കരിക്കിൻകാല റോഡ് ടാറിംഗ്

2013-14ലെ പദ്ധതിയായിരുന്നു (s0032/14) സ്പിൽഓവറായി 2015-16ൽ നടപ്പാക്കി. കരാറുകാരൻ സജിത്.കെ നിർവഹണ ഉദ്യോഗസ്ഥയുമായി ചമച്ച കരാർ ഫയലിലില്ല. കരാറുകാരൻ പണിസ്ഥലം കൈയേറ്റ രേഖയില്ല.

2013-14ലെ വാർഷിക പദ്ധതിയായതിനാൽ 31.3.2014 ൽ പൂർത്തിയാക്കേണ്ടതായിരുന്നു. 15.1.2014ൽ തന്നെ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയത് ഇതിന് തെളിവാണ്. പദ്ധതി എന്നാണ് പൂർത്തിയാക്കിയതെന്ന് ഫയലിൽ നിന്ന് വ്യക്തമല്ല. എം.ബുക്ക്113/15 അനുസരിച്ച് 10.8.2015ലാണ് ഏറ്റവും ഒടുവിൽ അളവ് എടുത്തിരിക്കുന്നത്. അതിനാൽ അന്ന് പൂർത്തിയാക്കിയതായി കണക്കാക്കാം.

പ്രോജക്ട് അനുസരിച്ച് പൂർത്തിയാക്കേണ്ടിയിരുന്നത്--31.3.2014.

പൂർത്തിയാക്കിയത്--10.8.2015 .

കാലവിളംബം -- 1വർഷം, 4മാസം, 9ദിവസം= 71ആഴ്ചകൾ

മാന്വലിലെ നിർദേശപ്രകാരം വൈകിയ ഓരോ ആഴ്ചക്കും പിഎസിയുടെ 0.1% പിഴ-ആകെ 7.1%- ഈടാക്കേണ്ടിരുന്നു. ഈ പദ്ധതിയുടെ പിഎസി 200000രൂപ. അതിനാൽ ഈടാക്കേണ്ടിയിരുന്ന പിഴ 200000x7.1/100=14200 രൂപ.

കരാറുകാരന് നല്കിയ തുകയുടെ വിവരം-ബിൽ.26/21.10.15- ആകെ 163715 രൂപ. ഡിഡി നം. 80296/29.10.2015-153892രൂപ.

2.പ്രോജക്ട് 207/16- അറന്തക്കാട് മുകടിയിൽ പടി തടത്തിൽ പടി റോഡ് രണ്ടാം ഘട്ടം മെറ്റലിംഗ്.

2013-14ലെ പദ്ധതി (SO232/15) സ്പിൽഓവറായി 2015-16 ൽ നടപ്പാക്കി. 12.3.2015ൽ തന്നെ കരാറുകാരൻ അജികുമാർ എഗ്രിമെന്റ് വെച്ചു (103/AE/MLE/15-16,12.3.15). 2013-14ലെ ഏകവർഷ പദ്ധതിയായതിനാൽ 31.3.2015ൽ പൂർത്തിയാക്കേണ്ടതായിരുന്നു.

എം.ബുക്ക്110/2015-16 ൽ ഏറ്റവും ഒടുവിൽ അളവ് എടുത്തിരിക്കുന്നത് 20.8.15 ൽ ആണ്. അതിനാൽ അന്ന് പണി തീർന്നതായി കണക്കാക്കാം. പൂർത്തിയാക്കേണ്ടിയിരുന്നത് 31.3.2015 പൂർത്തിയാക്കിയത് 20.8.15 കാലവിളംബം 4മാസം, 19ദിവസം=20 ആഴ്ച. പിഎസി-180585രൂപ. മാന്വൽ നിർദേശപ്രകാരം ഈടാക്കേണ്ടിയിരുന്ന പിഴ പിഎസിയുടെ 2% =180585x2/100=3612രൂപ.

ആകെ മൂല്യം-163944രൂപ. കരാറുകാരന് നല്കിയ തുക-154093രൂപ, ഡി.ഡി.നം. 880242/28.10.15.

രണ്ട് പദ്ധതികളിൽ ഈടാക്കേണ്ടിയിരുന്ന പിഴ 17812രൂപ. ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (18/4.1.17)പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കുന്നതാണെന്ന് നിർവഹണ ഉദ്യോഗസ്ഥ മറുപടി നല്കി. ഈടാക്കേണ്ടിയിരുന്ന പിഴ നിർവഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി നിർണയിക്കുന്നു.

## 3-9 ടാറിംഗ് വേലകളിൽ വീപ്പവില ഈടാക്കിയില്ല

ഡി.എസ്.ആർ നിരക്കിൽ ചെയ്ത ടാറിംഗ് വേലകളിൽ ടാർവീപ്പ വില ഈടക്കിയില്ല.

ഡി.എസ്.ആർ നിരക്കിൽ പാക്ക് ചെയ്ത ബിറ്റുമിൻ വിലയാണ് ടാറിംഗ്, റീടാറിംഗ് ഇനങ്ങൾക്ക് നല്കിയിരിക്കുന്നത്. പാക്ക്ചെയ്ത ബിറ്റുമൻ വിലയിൽ ബാരൽ വിലയും ഉൾപ്പെടുന്നുണ്ട്. മാത്രമല്ല ഡി.എസ്.ആർ നിരക്കിന് ആധാരമായ സിപിഡബ്ള്യൂഡി സ്പെസിഫിക്കേഷൻ 16.4.2.1അനുസരിച്ചും ബാരൽവില ഈടാക്കേണ്ടതാണ്.

ഓഡിറ്റ് വർഷം നടപ്പാക്കിയ ഡി.എസ്.ആർ നിരക്കിൽ ചെയ്ത ടാറിംഗ് വേലകളിൽ ഈടാക്കേണ്ട ടാർവീപ്പവില താഴെ :

| ക്രമ നം. | പ്രോ.നം,പേര്,കരാറുകാരൻ,എം.ബുക്ക് നം.,ആകെ മൂല്യം | എം.ബുക്ക് പ്രകാരം ഉപയോഗിച്ച ടാർ | ബാരൽ എണ്ണം | ഈടാക്കേണ്ടിയിരുന്ന ബാരൽ വില | കരാറുകാരന് നല്കിയ തുകയുടെ വിവരം. |
|---|---|---|---|---|---|
| 1. | 51/16കരിക്കുംകാല റോഡ് റീടാറിംഗ്. സജിത്.കെ,180/16,193771രൂപ. | 1263.53കി.ഗ്രാം | 9 | 2250 | 182144രൂപ, B.C606789/30.3.16 |
| 2. | 61/16പുല്ലേൽപടി ഊരിൽകടവ് സിംഹാസനപള്ളി റോഡ് റീടാറിംഗ്. കെ.പി രതികുമാർ,179/16, 337278രൂപ. | 2014.43 | 13 | 3250 | 317041രൂപ, B.C606349/30.3.16 |
| 3. | 62/16മേലേൽപടി കണിയാൻ ചിറ കലുങ്ക് ഹൈസ്കൂൾ റോഡ് റീടാറിംഗ്. സിറാജ്,144/16,318239രൂപ. | 2077.9 | 14 | 3500 | 299145രൂപ B.C598257/29.2.16 |
| 4. | 63/16 തിരുമുളക്കുഴ കോളനി റോഡ് റീടാറിംഗ്. കെ.പി രതികുമാർ,176/16,246606രൂപ. | 1895.15 | 13 | 3250 | 231810രൂപ, B.C606348/30.3.16 |
| 5. | 64/16ഹൈസ്കൂൾ ജം.പാലമൂട്ടിൽ റോഡ് റീടാറിംഗ്. സിറാജ്,143/16,316000രൂപ. | 2172.45 | 14 | 3500 | 297040രൂപ, B.C598258/29.2.16 |
| 6. | 70/16മണക്കാട്ട്പടി സീനായിക്കുന്ന് പള്ളി റോഡ് റീടാറിംഗ്. എം.എ വിജയൻ,145/16,484384രൂപ. | 2425.05 | 16 | 4000 | 455321രൂപ, B.C598752/തീയതി വ്യക്തമല്ല. |

| | | | | | |
|---|---|---|---|---|---|
| 7. | 72/16കല്ലൂരേത്ത്പടി റോഡ് ടാറിംഗും സൈഡ് കെട്ടും.<br>എം.എ വിജയൻ,147/16,287306രൂപ. | 1027.08 | 7 | 1750 | 270068രൂപ,<br>B.C606137/22.3.16 |
| 8. | 76/16പാറക്കൽ കരിമ്പന്നൂർ മല റോഡ് റീടാറിംഗ്.<br>ജോസഫ് ജോൺ,149/16,199157രൂപ. | 1245.85 | 8 | 2000 | 187207രൂപ,<br>B.C598755/16.3.16. |
| 9. | 77/16എം.സി മാഞ്ഞാലിൽ റോഡ് റീടാറിംഗ്.<br>ജോസഫ് ജോൺ,151/16,196442രൂപ. | 1244.48 | 8 | 2000 | 184656രൂപ,<br>B.C598758/16.3.16 |
| 10. | 80/16വാവ്വർപടി കറുമക്കാട് റോഡ് മെറ്റലിംഗും ടാറിംഗും.<br>പി.എ മാത്യൂ,157/16,194996രൂപ. | 570.6 | 4 | 1000 | 183296രൂപ,<br>B.C606132/22.3.16 |
| 11. | 81/16പാലനില്കുന്നതിൽ പടി കരിമ്പനം പൊയ്ക റോഡ് റീടാറിംഗ്.<br>ഷൗക്കത്തലി,155/16,333806രൂപ. | 2432.55 | 16 | 4000 | 313778രൂപ,<br>B.C606133/22.3.16 |
| 12. | 87/16എം.സി മിഷൻ ചിറയിൽപടി റോഡ് അറ്റകുറ്റപണി.<br>അനുരാജ്,161/16,209988രൂപ. | 1559.88 | 10 | 2500 | 195289രൂപ,<br>B.C606346/30.3.16. |
| 13. | 91/16ചരുവിൽപടി തിരുവോണത്തിൽ റോഡ് മെറ്റലിംഗും ടാറിംഗും.<br>സാംസൺ സാമുവൽ,<br>156/16,197507രൂപ. | 570.6 | 4 | 1000 | 185657<br>B.Cപകർപ്പ് സൂക്ഷിച്ചിട്ടില്ല. |
| 14. | 92/16മേപ്പുറത്ത് മലയിൽപടി കൊല്ലിരിക്കുന്നതിൽ റോഡ് രണ്ടാം മെറ്റലിംഗും ടാറിംഗും.<br>എം.എ വിജയൻ,154/16,324255രൂപ. | 1664.25 | 11 | 2750 | 304799രൂപ,<br>B.C598759/16.3.16. |
| 15. | 97/16നായ്ക്കൻമോടി പാറപ്പാട് റോഡ് റീടാറിംഗ്.<br>അനുരാജ്,169/16,162900രൂപ. | 1251.59 | 8 | 2000 | 151497രൂപ,<br>B.C606343/30.3.16 |

| | | | | | |
|---|---|---|---|---|---|
| 16. | 99/16പൂപ്പൻകര പൂമ്പള്ളി റോഡ് റീടാറിംഗ്.<br>എം.എ വിജയൻ,146/16,287519രൂപ. | 2200.23 | 15 | 3750 | 270269രൂപ,<br>B.C847783/22.3.16 |
| 17. | 102/16കാഞ്ഞിരംനില്ക്കുന്നതിൽപടി പൂതംകുന്ന് ഗുരുമന്ദിരം റോഡ് റീടാറിംഗ്.<br>എം.എ വിജയൻ,167/16,393890രൂപ. | 3064.05 | 20 | 5000 | 370256രൂപ,<br>B.C606742/30.3.16 |
| 18. | 107/16കുറ്റിയിൽ പാങ്ങോട് റോഡ് അറ്റകുറ്റപണി.<br>അനുരാജ്,162/16,284839രൂപ. | 2195.08 | 15 | 3750 | 264901രൂപ,<br>B.C606345/30.3.16. |
| 19. | 111/16കണ്ടത്തുംകുഴി പനച്ചനില്ക്കുന്നതിൽ റോഡ് ടാറിംഗ്.<br>ജോജി തോമസ്,148/16,199106രൂപ. | 570.6 | 4 | 1000 | 187160രൂപ,<br>B.C598760/16.3.16 |
| 20. | 112/16ഈപ്പച്ചൻപടി ക്രിസ്ത്യൻ കോളേജ് റോഡ് റീടാറിംഗ്.<br>സൈമൺ കെ.ജെ,139/16,199510രൂപ. | 1249.94 | 8 | 2000 | 187540രൂപ,<br>B.C598453/2.3.16 |
| 21. | 129/16 പറങ്ങഴമോടി റോഡ് സൈഡ് കെട്ടും രണ്ടാം ഘട്ട ടാറിംഗും.<br>ജോസഫ് ജോൺ,150/16,254529രൂപ. | 1236.3 | 8 | 2000 | 239258രൂപ,<br>B.C598756/16.3.16 |
| 22. | 132/16 വെട്ടിപീടിക കൈതകുളഞ്ഞി റോഡ് റീടാറിംഗ്.<br>ജോസഫ് ജോൺ,152/16,174886രൂപ. | 1249.11 | 8 | 2000 | 164393രൂപ,<br>B.C598754/16.3.16 |
| 23. | 133/16പാറപ്പാട് നായ്ക്കൻമോടി റോഡ് റീടാറിംഗ്.<br>കെ.പി രതികുമാർ,163/16,328576രൂപ. | 2490.88 | 16 | 4000 | 308861രൂപ,<br>B.C606350/30.3.16 |
| 24. | 139/16കിടങ്ങിൽതുണ്ടി അഞ്ചുമല റോഡ് റീടാറിംഗ്.<br>ഹരികുമാർ,153/16,195226രൂപ. | 1249.11 | 8 | 2000 | 183513രൂപ,<br>B.C598973/16.3.16. |
| 25. | 245/16പാറപ്പാട് നായ്ക്കൻമോടി റോഡ് റീടാറിംഗ്.<br>കെ.പി രതികുമാർ,164/16,445956രൂപ. | 2546.40 | 17 | 4250 | 419198രൂപ,<br>B.C607735/4.4.16 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| | ആകെ | | 274 | 68500 | |

(വീപ്പവില 65212 +3288 രൂപ വാറ്റ്)

ഒഴിഞ്ഞ ടാർവീപ്പ വില കരാറുകാരിൽ നിന്നോ നിർവഹണ ഉദ്യോഗസ്ഥയിൽ നിന്നോ ഈടക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. ഈടാക്കേണ്ടിയിരുന്ന വീപ്പ വില നിർവഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയാണ്. ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണ(നം.14/31.12.16)ത്തിന് മറുപടി ലഭിച്ചില്ല.

## 3-10 റോഡ് കോൺക്രീറ്റ് :ടെണ്ടർ കുറവ് കുറച്ചില്ല

കരാറുകാർ ചെയ്ത റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ ടെണ്ടർ ഡിഡക്ഷൻ കുറച്ചില്ല.

താഴെ വിവരിക്കുന്ന വേലകളിലാണ് കുറവ് വരുത്താഞ്ഞത്.

| ക്രമ നം. | പ്രോ.,പേര്,എം.ബുക്ക് | ആകെ മൂല്യം | ടെണ്ടർ ഡിഡക്ഷൻ | ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|---|---|
| 1. | പ്രോജക്ട്.65/16, പത്തിശ്ശേരിയിൽ ചേനയിൽ റോഡ് കോൺക്രീറ്റ് മൂന്നാം ഘട്ടം, എം.ബുക്ക്.109/15-16, കരാറുകാരൻ ജോസഫ് ജോൺ, എഗ്രിമെന്റ്-1/AE/MLK /2015-16,26.6.15, ബിൽ12/29.9.15,299508.രൂപ. | 299508 | 0.1% | 299 |
| 2. | പ്രോജക്ട്.55/16, കടത്തുശ്ശേരി ചിക്കൻപാറ റോഡ് രണ്ടാം ഘട്ടം കോൺക്രീറ്റ്, എം.ബുക്ക്.118/15, കരാറുകാരൻ-എം.എ.വിജയൻ, ബിൽ.21/27.10.2015-299256രൂപ. | 299256 | 0.1% | 299 |
| 3. | പ്രോജക്ട്.110/16 ഉപ്പലുമല പാട്ടകാലാപ്പടി എൽപിഎസ് റോഡ് കോൺക്രീറ്റ്, എം.ബുക്ക്.103/15-16, കരാറുകാരൻ -ജോസഫ് ജോൺ, ബിൽ.18/31.9.2015-297381രൂപ. | 297381 | 0.2% | 595 |
| 4. | പ്രോജക്ട്.56/16, കുട്ടമത കിടങ്ങിൽ തുണ്ടി റോഡ് കോൺക്രീറ്റ്, എം.ബുക്ക്.111/15-16, കരാറുകാരൻ-എം.പി ഗോപകുമാരൻ നായർ. ബിൽ.21/27.10.2016-299256രൂപ. | 299256 | 0.1% | 299 |
| | ആകെ | | | 1492 |

ടെണ്ടർ ഡിഡക്ഷൻ കരാറുകാരിൽ നിന്ന് ഈടാക്കാഞ്ഞത് ഗ്രാമപഞ്ചായത്ത് ഫണ്ടിന് നഷ്ടമാണ്. 1492രൂപ നിർവഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി ഓഡിറ്റിൽ നിർണയിക്കുന്നു. ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണ(നം.17)ത്തിന് കരാറുകാരിൽ നിന്ന് ടെണ്ടർകുറവ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് നിർവഹണ ഉദ്യോഗസ്ഥ മറുപടി നല്കി.

## 3-11 പാലിയേറ്റീവ് കെയർ പദ്ധതി - നടത്തിപ്പിൽ വീഴ്ച

ഗ്രാമ പഞ്ചായത്തിൽ കിടപ്പ രോഗികളായവരും മറ്റ് രോഗങ്ങളാൽ ദുരിതമനുഭവിക്കുന്നവരുമായ വ്യക്തികളെയാണ് സാന്ത്വന പരിചരണത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്. രേഖകൾ പരിശോധിച്ചതിൽ പാലിയേറ്റീവ് കെയർ സംബന്ധിച്ച പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല എന്നു കാണുന്നു. ഹോംകെയർ രജിസ്റ്റർ പരിശോധിച്ചതിൽ ആഴ്ചയിൽ ശരാശരി ഒരു ദിവസം മാത്രമാണ് ഭവന സന്ദർശനം നടത്തിയിട്ടുള്ളത്. രോഗികൾക്ക് കൃത്യമായ ഇടവേളകളിൽ സാന്ത്വന

പരിചരണം ഇത് മൂലം ലഭിക്കുന്നില്ല. പാലിയേറ്റീവ് കെയർ മാർഗ്ഗരേഖകൾ പ്രകാരം ആഴ്ചയിൽ മൂന്ന് ദിവസമെങ്കിലും ഭവന സന്ദർശനം നടത്തേണ്ടതാണ്. പാലിയേറ്റീവ് പരിചരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല

സാന്ത്വന പരിചരണം അർഹിക്കുന്ന രോഗികൾക്കുള്ള മരുന്നുകളുടെയും ഉപകരണങ്ങളുടെയും വിലയായി 85,000/-രൂപ ഡിഡി നം.600114/16-4-16 പ്രകാരം കാരുണ്യ മെഡിക്കൽസിൽ അടച്ചിട്ടുണ്ട്. എന്നാൽ 41,288/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിരുന്നത്. അവശേഷിക്കുന്ന 43712/-രൂപയുടെ മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ലഭ്യമാക്കുവാൻ അവശേഷിക്കുന്ന മരുന്നിന്റെ/ഉപകരണങ്ങളുടെ വിലയായ 43,712/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 പച്ചക്കറി കൃഷി വികസനം - ലക്ഷങ്ങൾ ചെലവഴിച്ചു - പദ്ധതിയുടെ മോണിറ്ററിംഗ് കൃത്യമായി നടത്തിയത് തെളിയിക്കപ്പെട്ടിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ ജൈവ പച്ചക്കറി വികസനം, പച്ചക്കറി കൃഷി പ്രോത്സാഹനം, ഗ്രോബാഗ് പച്ചക്കറി കൃഷി വികസനം, നേന്ത്രവാഴ കൃഷി പ്രോത്സാഹനം, ഇഞ്ചി കൃഷി പ്രോത്സാഹനം, വെറ്റില കൃഷി പ്രോത്സാഹനം എന്നീ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി പച്ചക്കറി, മറ്റ് വിളകൾ എന്നിവയുടെ ഉത്പാദന വർദ്ധനവിനായി 1690750/-രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖകൾ പ്രകാരം പദ്ധതി രൂപീകരണ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും ഈ മോണിറ്ററിംഗ് കമ്മറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും കൈമാറേണ്ടതുമാണ്. എന്നാൽ പ്രോജക്ടുകളുടെ മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഹാജരാക്കിയ മറുപടിയിൽ മോണിറ്ററിംഗ് കൃത്യമായി നടന്നിരുന്നതായി പറഞ്ഞിട്ടുണ്ട്. എന്നാൽ മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ ഹാജരാക്കാതിരുന്നതിനാൽ ഈ മറുപടി അംഗീകരിക്കുന്നില്ല.

പച്ചക്കറി കൃഷിക്കായി വൻതോതിൽ തുക ചെലവഴിക്കുമ്പോൾ തന്നെ നെൽകൃഷിക്കായി നാമമാത്രമായ തുകയാണ് ഗ്രാമപഞ്ചായത്തിൽ ചെലവഴിച്ചിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ ആകെയുള്ള കൃഷിഭൂമിയിൽ 52 ഹെക്ടറിൽ മാത്രമേ നെൽകൃഷിയുള്ളൂ. 50 ഹെക്ടർ കൃഷിഭൂമി തരിശായി കിടക്കുന്നു. പ്രസ്തുത കൃഷിഭൂമിയിൽ കൃഷി ചെയ്ത് വിളവ് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നിലവിൽ ചാങ്ങ പാടം, നീർവിളാകം എന്നീ പാടശേഖരങ്ങളിൽ മാത്രമാണ് കൃഷി ചെയ്യുന്നത്. ഇതിനുപുറമേ തരിശായി കിടക്കുന്ന മറ്റ് പാടശേഖരങ്ങളിൽ കൂടി കൃഷി ചെയ്ത് നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിന് മുൻകയ്യെടുക്കേണ്ടതാണ്.

## 3-13 ആശ്രയ പദ്ധതി -അവലോകനം

സമൂഹത്തിലെ നിരാലംബരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ വ്യക്തികളെ മുഖ്യ ധാരയിലേക്ക് കൊണ്ടുവരിക എന്ന ലക്ഷ്യം നിറവേറ്റപ്പെടുന്നതിനാണ് ആശ്രയ പദ്ധതി സർക്കാർ വിഭാവനം ചെയ്തിരുന്നത്. ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നീ പ്രാഥമിക ആവശ്യങ്ങൾ കൃത്യമായി നിറവേറ്റപ്പെട്ടാൽ മാത്രമേ പദ്ധതി അതിന്റെ ലക്ഷ്യത്തിലെത്തി എന്ന് വിലയിരുത്തപ്പെടാൻ സാധിക്കൂ.

ഗ്രാമ പഞ്ചായത്തിൽ നിലവിലെ സ്ഥിതി വിവര കണക്കുകൾ പരിശോധിച്ചതിൽ ആശ്രയ ഗുണഭോക്താക്കൾക്ക് അർഹമായ സേവന പാക്കേജുകൾ ലഭ്യമാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട് എന്ന് വിലയിരുത്തുന്നു.

ആശ്രയ രണ്ടാം ഘട്ട പ്രോജക്ടിന്റെ ആരംഭത്തിൽ 48 ഗുണ ഭോക്താക്കളാണ് ഉണ്ടായിരുന്നത്. പരിഷ്കരിച്ച ലിസ്റ്റിൽ 128 പേർ ഉൾപ്പെട്ടിട്ടുണ്ട്. ആശ്രയ രണ്ടാം ഘട്ട പ്രോജക്ടിനായി പ്ലാൻ, നോൺ - പ്ലാൻ പദ്ധതികളിൽ ഉൾപ്പെടുത്തി 2495000/-രൂപ വകയിരുത്തിയിരുന്നെങ്കിലും 250000/- രൂപ മാത്രമാണ് ചെലവഴിച്ചത്. ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് പദ്ധതിക്കായി തുകയൊന്നും ലഭിച്ചിട്ടില്ല. ജില്ലാ പഞ്ചായത്തിൽ നിന്ന് 50 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും 1250000/-രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. കുടുംബശ്രീ ചലഞ്ച് ഫണ്ട് ഇനത്തിൽ 813254/- രൂപ വകയിരുത്തിയിരുന്നുവെങ്കിലും 265142/- രൂപ മാത്രമാണ് ചെലവഴിച്ചത്. ഗ്രാമ പഞ്ചായത്തിന് അർഹതപ്പെട്ട ഫണ്ടുകൾ ലഭ്യമാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുള്ളതാണെന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു.

2011-12ൽ ഭക്ഷണം ഇനത്തിൽ 322000/-രൂപയും 2012-13 വർഷം 301000/-രൂപയും 2013-14 വർഷം 334779/-രൂപയും ചെലവഴിച്ചിട്ടുണ്ട്. ചികിത്സയ്ക്കായി 1814 രൂപ മാത്രമാണ് നാളിതുവരെ ചെലവഴിച്ചിട്ടുള്ളത്. ഗുണഭോക്താക്കളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും അതിന് ആനുപാതികമായി ചെലവഴിക്കുന്ന തുകയിൽ വർദ്ധനവ് ഉണ്ടായിട്ടില്ല.

രണ്ടാം ഘട്ട ആശ്രയയിൽ ആദ്യ തവണ ഭക്ഷണത്തിനായി ലഭിച്ച തുക പൂർണ്ണമായി ചെലവഴിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും ഈ ഇനത്തിൽ രണ്ടാം തവണ തുക നാളിതുവരെ ലഭിച്ചിട്ടില്ല. ഇക്കാലയളവിൽ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് ഭക്ഷണത്തിനുള്ള തുക ചെലവഴിക്കാമായിരുന്നെങ്കിലും ഇപ്രകാരം തുക ചെലഴിച്ചിട്ടില്ല. ഇത് അത്യന്തം പരിഗണന അർഹിക്കുന്ന കുടുംബങ്ങൾക്ക് നേർക്കുള്ള അവഗണനയുടെ ദൃഷ്ടാന്തമാണ്. ഗുണഭോക്താക്കളെ എ.പി.എൽ, ബി.പി.എൽ

വ്യത്യാസമില്ലാതെ അന്ത്യോദയ അന്ന യോജന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. നിർദ്ധനരും നിരാലംബരുമായ വിഭാഗത്തിന് വേണ്ടത്ര ഭക്ഷ്യ സുരക്ഷ ഒരുക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ളതായി ഇതിൽ നിന്ന് വ്യക്തമാകുന്നു.

കുടുംബശ്രീയിലെ എ.ഡി.എസുകൾ അഗതികളെ സന്ദർശിച്ച് അവരുടെ അവസ്ഥ സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ സി.ഡി.എസു.കൾക്ക് സമർപ്പിക്കുന്നില്ല.

അതീവ ഗുരുതരമായ രോഗങ്ങൾക്ക് ഇരയായിട്ടുള്ള അഗതികളുടെ ചികിത്സയ്ക്ക് കൈമാറ്റം ചെയ്തിട്ടുള്ള ആശുപത്രികളിൽ ലഭ്യമായ സേവനം പ്രയോജനപ്പെടുത്തണം. ഈ വിഭാഗക്കാർക്ക് മെഡിക്കൽ കോളേജ്, ജില്ലാ/ജനറൽ ആശുപത്രികളിലെ വിദഗ്ധരുടെ സേവനം ലഭ്യമാക്കാവുന്നതാണ്. ഇതിനായി സൗജന്യ മെഡിക്കൽ ക്യാംപ് സംഘടിപ്പിക്കാവുന്നതാണ്. രോഗികൾക്ക് ആവശ്യമായ മരുന്നുകൾ സൗജന്യമായി ലഭ്യമാക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള യാതൊരു പ്രവർത്തനങ്ങളും ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല. ആശ്രയ രോഗികൾക്ക് ഹെൽത്ത് കാർഡ് നൽകുകയോ അവരെ ആർ എസ് ബി വൈ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. രോഗികൾക്ക് സൗജന്യമായി മരുന്നുകൾ നൽകാതെ അവ വാങ്ങുന്നതിനുള്ള സാമ്പത്തിക ധന സഹായം നൽകുക മാത്രമാണ് ചെയ്തു വരുന്നത്. പാലിയേറ്റീവ് കെയർ പദ്ധതിയുമായി അഗതികളെ ബന്ധിപ്പിച്ചിട്ടുണ്ടെങ്കിലും മരുന്ന് വിതരണം, മറ്റ് സാന്ത്വന പരിചരണം എന്നീ മേഖലകളിൽ കാര്യമായ പ്രവർത്തനം നടക്കുന്നില്ല. ഗ്രാമ പഞ്ചായത്തിലെ സാന്ത്വന പരിചരണ വിഭാഗത്തിന്റെ മികച്ച സേവനം ഇവർക്ക് ലഭിക്കുന്നില്ല എന്ന് വ്യക്തമാക്കുന്നതാണ് ഈ വിവരങ്ങൾ. കൈമാറ്റം ചെയ്ത് ലഭിച്ചിട്ടുള്ള ആശുപത്രികളിൽ നിന്നുള്ള മെച്ചപ്പെട്ട സേവനം അഗതികൾക്ക് ലഭ്യമാക്കേണ്ടതാണ്.

സ്വന്തമായി ഭൂമി ഇല്ലാത്ത രണ്ട് ഗുണഭോക്താക്കളുണ്ടെങ്കിലും അവർക്ക് ഭൂമി വാങ്ങി നൽകുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ ആശ്രയ ഗുണഭോക്താക്കൾക്കായി ഭവന പുനരുദ്ധരണം പദ്ധതി നടപ്പാക്കിയിരുന്നുവെങ്കിലും ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ച് നൽകാതെ ആനുകൂല്യം നൽകുകയാണ് ചെയ്തിട്ടുള്ളത്. രോഗികളും നിരാശ്രയരുമായ ഗുണഭോക്താക്കൾക്ക് ഇപ്രകാരം സബ്സിഡി തുക മാത്രം നൽകുന്നതിനാൽ പുനരുദ്ധാരണ പ്രവർത്തികളും മറ്റും സ്വയം ചെയ്യുന്നതിന് കഴിയാതെ പോവുന്നു. ഇപ്രകാരം ഭവന പുനരുദ്ധാരണത്തിനുള്ള ആനുകൂല്യം കൈപ്പറ്റിയ ഒരു ഗുണഭോക്താവ് രോഗാവസ്ഥയിലായതിനാൽ ആനുകൂല്യം തിരികെ ഏല്പിച്ച സ്ഥിതി വിശേഷം സംജാതമായിട്ടുണ്ട്. ഇപ്രകാരം ആശ്രയ പദ്ധതി ആനുകൂല്യം നൽകൽ പദ്ധതി മാത്രമായി ഒതുങ്ങി. മാത്രമല്ല, ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാകാതിരിക്കുമ്പോൾ മറ്റ് ഗുണഭോക്താക്കൾക്ക് വിവിധ പ്രോജക്ടുകൾ പ്രകാരം ആനുകൂല്യം നൽകിയിട്ടുണ്ട്. ഇത് പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ നടപടിയാണ്. ബന്ധപ്പെട്ട അധികാരികൾ പദ്ധതി സംബന്ധിച്ച് കൃത്യമായ മോണിറ്ററിംഗ് നടത്തിയതിൽ വരുത്തിയിട്ടുള്ള വീഴ്ചയാണ് ഇത് സൂചിപ്പിക്കുന്നത്. ആശ്രയ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ജനപ്രതി നിധികളുടെ ഭാഗത്തു നിന്നും ആരോഗ്യകരമായ ഇടപെടൽ ഉണ്ടാകേണ്ടതും ഉദ്യോഗസ്ഥർ ശരിയായ രീതിയിൽ കൃത്യ നിർവ്വഹണം നടത്തി അഗതികളുടെ ഉന്നമനത്തിനുള്ള വഴിയൊരുക്കേണ്ടതുമാണ്.

ആശ്രയ ഫണ്ട് ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നു

ആശ്രയ പഞ്ചായത്ത് വിഹിതം നൽകൽ (പ്രോജ.നം. S0040/16) പ്രോജക്റ്റിൽ ഉൾപ്പെടുത്തി 150000/- (ബിൽ നം. 3/31.3.16) രൂപ വികസന ഫണ്ടിൽ നിന്ന് പിൻവലിച്ച് ആശ്രയ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ആശ്രയ ലിസ്റ്റിലുള്ള 6 ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണം നടത്തുന്നതിന് 25000/- രൂപ വീതം മുൻകൂറായി അനുവദിക്കുന്നതിനുള്ള തുകയാണ് ഇത്. എന്നാൽ ഇവരിൽ ഒരു ഗുണഭോക്താവ് നാളിതുവരെ തുക കൈപ്പറ്റുകയോ പുനരുദ്ധാരണ പ്രവർത്തി നടത്തുകയോ ചെയ്തിട്ടില്ല. ചെലവഴിക്കാതെ അവശേഷിച്ചിട്ടുള്ള ഈ തുക പ്രസ്തുത ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണം നടത്തുന്നപക്ഷം അർഹരായ മറ്റേതെങ്കിലും അർഹരായ ഗുണഭോക്താക്കൾക്ക് നൽകേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധന - അപാകതകൾ

ആസ്തികളുടെ മൂല്യം പൂർണ്ണമായും സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 45000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 45000 | ഇല്ല |
| ബ്ലോക്ക് വിഹിതം | 45000 | | 45000 | ഇല്ല |
| ബ്ലോക്ക് വിഹിതം | 245392 | ജൈവ പച്ചക്കറി | 245392 | ഇല്ല |

4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി നം./തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | സ്ട്രീറ്റ് മെയിൽ വലിക്കൽ | 877936/01.07.2015 & 877684/19.06.2015 | 149104 | ഇല്ല | 149104 |

4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-5. വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

4-6. സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1133275 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 1133275 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1133275 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| | 1133275 |
| ആകെ | 1133275 |

4-7. ഓഡിറ്റ് റിക്കവറി

ഇല്ല

4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | : | 386,31,183 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 509,21,898 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 92,928 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 238712 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 8,412 | ഓമനയമ്മാൾ , അസിസ്റ്റന്റ് സെക്രട്ടറി<br>ഗോപാലകൃഷ്ണക്കുറുപ്പ്, പ്രസിഡന്റ് |
| 3-8 | | 17812 | ആനന്ദവല്ലി,അസി.എഞ്ചിനീയർ |
| 3-9 | | 65212 | ആനന്ദവല്ലി,അസി.എഞ്ചിനീയർ |
| 3-10 | | 1492 | ആനന്ദവല്ലി,അസി.എഞ്ചിനീയർ |
| ആകെ | | 92928 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 65,000 | ജോൺ,വി ഇ ഒ |
| 3-3 | 1,30,000 | ലാലി എസ്, എൽ.വി.ഇ.ഒ |
| 3-4 | 43,712 | ഡോ. സുധീഷ്.എസ്,മെഡിക്കൽ ഓഫീസർ,പി എച്ച് സി |
| ആകെ | 238712 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 3-9 3288/-രൂപ വാറ്റ്

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 2-1

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ആനന്ദവല്ലി,അസി.എഞ്ചിനീയർ | റിട്ട.അസി.എഞ്ചിനീയർ, | വലിയകക്കാട്ട് തറയിൽ,നിയർ എം എസ് എം കോളേജ്, കായംകുളം |
| ഓമന അമ്മാൾ,അസിസ്റ്റന്റ് സെക്രട്ടറി | അസ്സിസ്റ്റന്റ് സെക്രട്ടറി,മുളക്കുഴ ഗ്രാമപഞ്ചായത്ത് | ഇടപ്പാട്ട് കിഴക്കേതിൽ, ചെറിയനാട് |
| ലാലി എസ്,വി.ഇ.ഒ | വി.ഇ.ഒ,മുളക്കുഴ ഗ്രാമപഞ്ചായത്ത് | ശ്രീപത്മമം,വാഴാർമംഗലം പി ഓ, ചെങ്ങന്നൂർ |
| ജോൺ,വി ഇ ഒ | | വിലയിത്തേത് തെക്കേതിൽ, മുടിയൂർക്കോണം പി ഓ,പന്തളം |
| ഡോ. സുധീഷ്.എസ്,മെഡിക്കൽ ഓഫീസർ,പി എച്ച് സി | മെഡിക്കൽ ഓഫീസർ,പി എച്ച് സി,മുളക്കുഴ | പാവിട്ടേരിൽ പുത്തൻവീട്, കരുവാറ്റ പി ഓ, കരുവാറ്റ |
| ഗോപാലകൃഷ്ണക്കുറുപ്പ്, പ്രസിഡന്റ് | | കലവിക്കാലായിൽ , കാരയ്ക്കാട്.പി.ഒ., മുളക്കുഴ |

4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98(ചെലവ്) | എൽ എഫ് എ 9-322/01/28.6.01 |
| 1998-99 | എൽ എഫ് എ-992/02/28.6.01/11.11.02 |
| 2000-01 | എൽ എഫ് എ-822/05/31.1.06/31.3.06 |
| 1997-98(വരവ്) | എൽ എഫ് എ 11-149/08/30.7.08/7.11.08 |
| 2003-04 | എൽ എഫ് എ11 -28/10/8.4.10/12.5.10 |
| 2004-05 | എൽ എഫ് എ11-29/10/.8.04.10/12.5.10 |
| 2006-07 | എൽ എഫ് എ 2-1482/10/20.6.11/2.7.11 |
| 2007-08 | എൽ എഫ് എ 2-1483/10/20.6.2011/2.7.11 |
| 2008-09 | എൽ എഫ് എ പി5-1485/20.6.11/18.7.11 |
| 2009-10&10-11 | എൽ എഫ് എ പി 5--1402/12/18.12.12/14.3.13 |
| 2011-12,2012-13 | എൽ എഫ് എ പി5-1315/2014/11.12.14/31.1.2015 |
| 2013-14 | കെഎസ്എ-എഎൽപി-പി5-1192/15 |
| 2014-15 | കെഎസ്എ-എഎൽപി-പി 5-828/16/29.07.16 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ

നം. കെ.എസ്.എ-എ.എൽ.പി/പി5-18/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.
തീയതി: 30.1.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ

No. KSA-ALP/P5-18/17

Kerala State Audit Department,
District Audit Office, Alappuzha.
Date: 30. 1.2017

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Mulakkuzha Grama Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Mulakkuzha Gramapanchayat for the year 2015-16 except the observations in my audit report para 4-1 properly presents the picture of income and expenditure.

Deputy Director
Kerala State Audit Department,
Alappuzha